**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1228** **07-10-2021 - ൽ മറുപടിയ്ക്ക്**

**കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന് കീഴിൽ കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചവയിൽ ആരംഭിക്കാനുള്ളതും പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ? | (എ) | കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ പാലം വിഭാഗത്തിനു കീഴിൽ വൈന്തോട് പാലം പ്രവൃത്തി ആരംഭിച്ചിട്ടുള്ളതും, കരാറുകാരനെ നഷ്ടോത്തര വാദിത്വത്തിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് പ്രവൃത്തി റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ദേശീയപാത വിഭാഗത്തിനു കീഴിൽ സി ആർ എഫ് 2018-19 പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും ഭരണാനുമതി ലഭിച്ച നടവരമ്പ്- വിളമുട്- മങ്കിടി കപ്പേള-കരിങ്ങച്ചിറ-മാള റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നു വരുന്നു. നിലവിൽ 88% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കെ.എസ്.റ്റി.പി വിഭാഗത്തിനു കീഴിൽ ഭരണാനുമതി ലഭിച്ചതും പൂർത്തിയാക്കാനുള്ളതുമായ പദ്ധതി കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ എസ്.എച്ച് റോഡ് പുനരുദ്ധാരണ പദ്ധതിയാണ്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചവയിൽ ആരംഭിക്കാനുള്ളവ: 1. പുല്ലൂറ്റ് പാരലൽ ബ്രിഡ്ജ് പ്രവൃത്തിക്ക് 24.49 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. കോസ്റ്റൽ റഗുലേറ്ററി സോൺ സ്റ്റാറ്റസ് റിപ്പോർട്ടിനായി നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിൽ ഒടുക്കേണ്ട തുക അനുവദിക്കുന്നതിനായി എക്സ്പെർട്ട് കമ്മിറ്റി സൈറ്റ് സന്ദർശിച്ചതിനു ശേഷം റിപ്പോർട്ട് അന്തിമ അംഗീകാരത്തിനായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. 2. ഗോതുരുത്ത് പുല്ലൂറ്റ് പാലം പ്രവൃത്തിക്ക് 13.93 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഗോതുരുത്ത് ഭാഗത്തെ പെഗ് മാർക്കിങ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 3. കുണ്ടൂർ കുത്തിയതോട് പാലം പ്രവൃത്തിക്ക് 25 കോടി രൂപയുടെ ഭരണാനുമതിയും 10.774 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന |

| | | | |
|---|---|---|---|
| | | | പ്രവൃത്തിക്ക് ഭാഗിക സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. 4. പാറക്കുട്ടം പാലം പ്രവൃത്തിക്ക് 25 കോടി രൂപയുടെ ഭരണാനുമതിയും 35.15 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഭാഗിക സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. നിരത്തു, കെട്ടിടം വിഭാഗങ്ങൾക്കു കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## നിരത്തുവിഭാഗം

1. SR Works 2019-20 Embankment Protection to Narayanamangalam Vellur Road Ch 0/850 near Urulikkunnu Junction – Not started
2. Improvements to Keetholi Chalakulam Road Ch.1/000 to 1/814 BM &BC – Not started
3. RP Works 2020-21 Urgent Repairs to Sringapuram Undekkadavu Road Ch 1/650 to 2/250 in Kodugallur LAC – on going
4. OR 2020-21 Urgent Patch Repairs to Konathukunnu – Poovathumkadavu Road in Kodungallur LAC Ch 0/000 to 4/330 – Not started
5. Flood Work 2020-21 Urgent Rectification of Collapsed approach road Retaining wall & W metal Beam North west of Krishnan Kotta Bridge. In Kodakara, Kodungallur Road in Kodungallur LAC – Tendering stage
6. MLA -ADS 2020-21 Construction of Waiting Shelter Vadakke nada in Old NH Road in Kodungallur LAC -Tendering Stage

## കെട്ടിടം

1. General Education Department – Annual Plan 2020-2021 - Construction of school building of V.V.K.M. L.P. School, Thiruvallur – Agt. No. 33/2021-22/EE(B)/TSR dated 13/09/2021, Site hand over – 13/09/2021
2. Construction of new building for Anganwadi Centre No. 96 in Poyya Panchayath in Ward No. 5 Agt. No. 36/2021-22/EE(B)/TSR dated 17/09/2021, Site hand over – 27/09/2021
3. MLA-ADS 2018-2019 – construction of new building for Sub Centre, Vellur, Puthenchira 60% completed.